## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം : 5329** — **26.03.2018 ലെ മറുപടിക്ക്**

## ലൈബ്രറിയൻമാരുടെ ഓണറേറിയവും ലൈബ്രറികളുടെ ഗ്രാന്റും

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. മോൻസ് ജോസഫ്**<br>**ശ്രീ.പി.ജെ.ജോസഫ്**<br>**ശ്രീ റോഷി അഗസ്റ്റിൻ**<br>**ഡോ.എൻ.ജയരാജ്:** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരള ലൈബ്രറി കൗൺസിലിന് കീഴിലുള്ള ലൈബ്രേറിയൻമാരുടെ ഓണറേറിയവും ലൈബ്രറികളുടെ ഗ്രാന്റും അനുവദിക്കുന്നത് കഴിഞ്ഞ ഒരു വർഷക്കാലമായി ലഭിക്കാത്തത് സംബന്ധിച്ച പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) ലൈബ്രേറിയൻമാരുടെ അലവൻസ് ഒന്നാം ഗഡുവായി ആറുമാസത്തെ തുക അനുവദിച്ച നൽകിയിട്ടുണ്ട്. ഗ്രന്ഥശാലകളുടെ വാർഷിക ഗ്രാന്റും ലൈബ്രേറിയൻ അലവൻസിന്റെ രണ്ടാം ഗഡുവും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ലൈബ്രറി കൗൺസിലിന്റെ പുതിയ ഗ്രേഡ് മാനദണ്ഡം സംസ്ഥാനത്ത് എ ഗ്രേഡ് ലഭിച്ചിരുന്ന ഗ്രന്ഥശാലകൾക്ക് നിലനിൽപ്പിനും ഗ്രേഡ് നിലനിർത്തുന്നതിനും കഴിയാത്ത സാഹചര്യം പരിശോധിക്കാൻ തയ്യാറാകുമോ; | (ബി) പുസ്തക സ്റ്റോക്കിന്റെയും വിതരണത്തിന്റെയും അടിസ്ഥാനത്തിലാണ് നേരത്തെ ഗ്രേഡേഷൻ പരിശോധന നടത്തിയിരുന്നത്. എന്നാൽ പുതുക്കിയ മാനദണ്ഡം ഏർപ്പെടുത്തിയപ്പോൾ ഗ്രന്ഥശാലകളുടെ മറ്റ് ഭൗതിക സൗകര്യങ്ങളും വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങളും കൂടി കണക്കിലെടുക്കുന്നുണ്ട്. കൂടാതെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ഓരോ വർഷവും ഗ്രേഡ് നിശ്ചയിക്കുന്നത്. അതിനാൽ ഒരേ ഗ്രേഡിൽ |

.....2)

| | |
|---|---|
| | ഗ്രന്ഥശാലകൾ നിലനിൽക്കണമെന്നില്ല. പുതിയ സാഹചര്യങ്ങൾ കണക്കിലെടുത്തുള്ള പുതിയ മാനദണ്ഡത്തിനാണ് കൂടുതൽ സ്വീകാര്യത. |
| (സി) ഗ്രന്ഥശാലകളിൽ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുമോ; | (സി) ആധുനിക സാങ്കേതിക വിദ്യകൾ ഗ്രന്ഥശാലകളിൽ പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള പദ്ധതികളാണ് ലൈബ്രറി കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. |
| (ഡി) ഗ്രന്ഥശാലകളുടെ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.- എസ്.ഡി. എഫ്, എം.എൽ.എ.- എ.ഡി.എഫ് എന്നീ ഫണ്ടുകൾ ഉപയോഗപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് പ്രത്യേകാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; ഈ ഫണ്ട് വിനിയോഗിക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) ചില സ്ഥലങ്ങളിൽ സാങ്കേതികത്വം മൂലം ഫണ്ട് ലഭിക്കുന്നതിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ